ശ്രീ. ഇട്ടൂര അന്ത്രുക്കൻ : ഈ കേസു പുറത്താകാത്തതു് ഒരു പ്രധാന മന്ത്രിയും മറ്റു ചില ഉദ്യോഗസ്ഥന്മാരും മനഃപൂർവ്വം പുറത്തുവരുത്താത്തതുകൊണ്ടാണെന്നു ചില നേതാക്കന്മാർ പറയുന്നതായി ശവമ്മെണ്ടിനറിയാമോ ?

Mr. Speaker: That question is disallowed.

സംസ്ഥാനത്തെ ക്ഷേത്രങ്ങളുടെ നാശം

*൨൪. (൨൩) ശ്രീ. കുഞ്ഞൻ അയ്യപ്പൻ : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

൧൯൫൦-ൽ തിരുവിതാംകൂർ സംസ്ഥാനത്തു് തീവെച്ചും മറ്റുവിധത്തിലും എത്ര ക്ഷേത്രങ്ങൾ നശിച്ചിട്ടുണ്ടു്; എത്ര ക്ഷേത്രങ്ങളിലെ ബിംബങ്ങൾക്കു കേടു വരുത്തുകയും ഭണ്ഡാരങ്ങൾ കുത്തിപ്പൊളിച്ചു കവർച്ചനടത്തുകയും ഉണ്ടായിട്ടുണ്ടു്; ഇതുസംബന്ധിച്ചു് എത്ര കേസുകൾ എടുത്തിട്ടുണ്ടു്; എത്രയെണ്ണം തെളിവിൽ വന്നിട്ടുണ്ടു് ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) :

(എ) ഒന്നു്.

(ബി) മൂന്നു ക്ഷേത്രങ്ങളിലെ ബിംബങ്ങൾക്കു കേടുവന്നിട്ടുണ്ടു്. ഭണ്ഡാരം കുത്തിപ്പൊളിച്ചു കവർച്ചനടന്നതായി അറിവില്ല.

(സി) മൂന്നു കേസുകൾ റജിസ്റ്റർചെയ്തിട്ടുണ്ടു്.

(ഡി) രണ്ടെണ്ണം തെളിവിൽ വന്നിട്ടുണ്ടു്.

(ചോദ്യം ൨൩-ൽ പറയുന്ന വിഷയം മുൻചോദ്യങ്ങളോടു ബന്ധമുള്ളതായതുകൊണ്ടു ചോദിക്കുകയുണ്ടായില്ല.)

സംസ്ഥാനത്തെ ഐ. എ. എസ്സു്. കാർ

*൨൫. (൨൬) ശ്രീ. കുഞ്ഞൻ അയ്യപ്പൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു് ഇത്ര ഐ. എ. എസ്സു്. കാർ (Indian Administrative Service) ഉണ്ടായിരിക്കണമെന്നു് ഇൻഡ്യാ ശവമ്മെണ്ടിന്റെ വല്ല നിശ്ചയമോ നിർദ്ദേശമോ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ സീനിയർ ഐ. എ. എസ്സു്. കാർ എത്ര, ജൂനിയർ എത്ര ;

(ബി) നിർദ്ദേശമനുസരിച്ചു വേണ്ട സീനിയറും ജൂനിയറും സ്ഥാനങ്ങളിലേക്കു നിയമിക്കപ്പെടുവാൻ യോഗ്യതയുള്ളവരുടെ പേരുവിവരം ശവമ്മെണ്ടിൽ നിന്നും നൽകിയോ ; ഇല്ലെങ്കിൽ എന്തുകൊണ്ടു് ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) :

(എ) & (ബി) ഐ. എ. എസ്സു്. സ്കീമിൽ ഭാഗഭാക്കാകാമെന്നു് ഇൻഡ്യാ ശവമ്മെണ്ടിനെ ധരിപ്പിച്ചിട്ടുണ്ടു്. ആയതിലേക്കുള്ള സെലക്ഷൻ പൂർത്തിയായിട്ടില്ല. ഈ ശവമ്മെണ്ടിൽനിന്നും നാമനിർദ്ദേശംചെയ്തിട്ടുണ്ടു്.

ശ്രീ. കുഞ്ഞൻ അയ്യപ്പൻ : ഇത്രപേർ ഉണ്ടായിരിക്കണമെന്നു വല്ല നിശ്ചയവുമുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : നിശ്ചയമുണ്ടു്.

ശ്രീ. കുഞ്ഞൻ അയ്യപ്പൻ : ശവമ്മെണ്ടിൽനിന്നും നിർദ്ദേശമനുസരിച്ചുള്ള ആളുകളെ അയച്ചുകൊടുത്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly